## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 3411

29.01.2014-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുവിനിയോഗം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.എ.ബേബി<br>ശ്രീ.ആർ.രാജേഷ്<br>ശ്രീ:എസ്.ശർമ്മ<br>പ്രൊഫ.സി.രവീന്ദ്രനാഥ് | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) |
| എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടുവിനിയോഗത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ എന്തെല്ലാമാണെന്നു വിശദ മാക്കുമോ ; | എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് വിനിയോഗത്തിന്റെ പുരോഗതി വകുപ്പധ്യക്ഷന്മാർ മുഖേനെയും, മന്ത്രിതലത്തിലും കാലാകാലങ്ങളിൽ അവലോകനം നടത്തി ആവിശ്യമായ നിർദ്ദേശങ്ങൾ നൽകി വരുന്നുണ്ട്. കൂടാതെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയും ഇക്കാര്യങ്ങൾ അവലോകനം നടത്തി ആവിശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകി വരുന്നുണ്ട്. പദ്ധതി ചെലവുകൾ ഡി.പി.സി. അംഗീകരിച്ച പദ്ധതിരേഖയിൽ പ്രതിപാദിക്കുന്ന അതേ തുകയ്ക്കും അതേ സ്രോതസ്സിൽ നിന്നുതന്നെയാണ് ചെലവഴിക്കുന്നത് എന്ന് ഇതിനായി രൂപപ്പെടുത്തിയിട്ടുള്ള അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ - സാംഖ്യ ആപ്ലിക്കേഷൻ - വഴി ഉറപ്പ് വരുത്തിയിട്ടുണ്ട്. |
| ബി) പതിമൂന്നാം ധനകാര്യ ക്കമ്മീഷൻ ഇക്കാര്യത്തിൽ നൽകിയ ശുപാർശകൾ എന്തൊക്കെയായിരുന്നു ; | ബി) പതിമൂന്നാം ധനകാര്യക്കമ്മീഷൻ തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്കായി നൽകിയ ശുപാർശകളിൽ ഫണ്ടുവിനിയോഗത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ശുപാർശകൾ ഉൾക്കൊള്ളിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സി) 2011-12, 2012-13, 2013-14 എന്നീ വർഷങ്ങളിലെ തദ്ദേശ സ്ഥാപനങ്ങളുടെ ചെലവിന്റെ നിലവാരം വിലയിരുത്തി യിട്ടുണ്ടോ ;

സി) ഉണ്ട്.

ഡി) മേൽപ്പറഞ്ഞ വർഷങ്ങളിൽ ലക്ഷ്യമിട്ട ആകെ ചെലവും, അതിൽ യാർത്ഥത്തിലുണ്ടായ ചെലവും, ആകെ ചെലവിൽ വികസനചെചലവും അതിന്റെ ശതമാനവും, സാമൂഹ്യ മേഖലാ ചെലവും അതിന്റെ ശതമാനവും വിശദമാക്കുമോ ;

ഡി) പദ്ധതി ചെലവിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**തുക ലക്ഷത്തിൽ**

| വർഷം | ആകെ പദ്ധതി ചെലവ് (വികസന ചെലവ് | സേവന മേഖലാ ചെലവ് (വികസന ചെലവ്) | സേവന മേഖലാ ചെലവിന്റെ ശതമാനം |
|---|---|---|---|
| 2011-12 | 213475.4118 | 82417.26898 | 38.607% |
| 2012-13 | 405813.301 | 217798.3065 | 53.669% |
| 2013-14 | 154965.3618 | 86835.9124 | 56.0356% |

ഇ) ചെലവുകളുടെ ഘടകങ്ങ ളുടെയും താരതമ്യവിഹിത ത്തിന്റെയും അടിസ്ഥാനത്തിൽ സാമൂഹ്യ അടിസ്ഥാന സൗകര്യങ്ങൾക്കും ഉത്പാദന മേഖലകൾക്കും ലഭിച്ച പരിഗണനയിൽ കുറവു വന്നിട്ടുണ്ടോ ; വിശദ മാക്കുമോ ?

ഇ) മേൽപ്പറഞ്ഞ വർഷങ്ങളിലെ ആകെ ചെലവും ഉത്പാദന മേഖല, സേവന മേഖല, പശ്ചാത്തല മേഖല എന്നിവയിലെ ചെലവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**തുക ലക്ഷത്തിൽ**

| വർഷം | ഉത്പാദന മേഖല | സേവന മേഖല | പശ്ചാത്തല മേഖല | ആകെ ചെലവ് |
|---|---|---|---|---|
| 2011-12 | 58823.302 | 127490.7965 | 132767.1044 | 319081.2033 |
| 2012-13 | 35478.05 | 217918.65 | 152605.42 | 406002.10 |
| 2013-14 | 8740.50 | 93760.66 | 64112.39 | 166613.53 |

സെക്ഷൻ ഓഫീസർ